# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1733** — **10.02.2020** -ലെ മറുപടിയ്ക്ക്

### <u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഇടപെടലുകൾ</u>

*<u>ചോദ്യം</u>*

ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.ടി.ബൽറാം
ശ്രീ.ഷാഫി പറമ്പിൽ

*<u>ഉത്തരം</u>*

കെ.റ്റി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കാലകാലങ്ങളായി ഉണ്ടാക്കിയെടുത്ത പേരിനും പെരുമയ്ക്കും വിശ്വാസ്യതയ്ക്കും കോട്ടം തട്ടുന്ന നടപടികൾ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | ഇല്ല. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരത്തിൽ ഏതൊക്കെ ഇടപെടലുകളാണ് ഉണ്ടായത്; | | |
| (സി) | എം. ജി. സർവ്വകലാശാലയുടെ ബി-ടെക് പരീക്ഷയിൽ തോറ്റ വിദ്യാർത്ഥിനിയെ വിജയിപ്പിച്ച വിഷയത്തിൽ ചാൻസലർ വിശദീകരണം തേടിയിരുന്നോ; | (സി) | തേടിയിരുന്നു |
| (ഡി) | ഇത് സംബന്ധിച്ച് വൈസ് ചാൻസലർ, ചാൻസലർക്ക് വിശദീകരണം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്; ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം മുൻകാലങ്ങളിൽ നടത്തിയിട്ടുള്ളതുപോലെ സർവ്വകലാശാല വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, കോളേജ് മാനേജർമാർ, പ്രിൻസിപ്പൽമാർ എന്നിവർക്ക് വേണ്ടിയും സർവ്വകലാശാലയിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപിക്കുവാൻ 22.02.2019-ൽ അദാലത്ത് നടത്തിയിട്ടുണ്ട്. ഇതിനായി സിൻഡിക്കേറ്റിന്റെ അധികാരത്തോടു കൂടിയ അദാലത്ത് നിർവ്വാഹക സമിതിയുടെ ഒരു യോഗം, 21.02.2019-ൽ വിവിധ ഫയലുകളിൽ തീർപ്പ് കൽപ്പിച്ച് ടി വിവരം 22.02.2019-ലെ അദാലത്തിൽ പ്രഖ്യാപിക്കുകയാണുണ്ടായത് 21.02.2019-ൽ കൂടിയ ടി സമിതി ഒരു ബി.ടെക് വിദ്യാർത്ഥിനിയ്ക്ക് ഒരു മാർക്ക് മോഡറേഷനായി നൽകുവാൻ ശിപാർശ ചെയ്യുകയും, ആയത് വൈസ് ചാൻസിലർ 21.02.2019-ൽ തന്നെ അംഗീകരിക്കുകയും, ഈ വിവരം 22.02.2019-ലെ അദാലത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. തുടർന്ന് ഈ വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. ഇതിനിടെ |

| | | | |
|---|---|---|---|
| | | | ഒരു മാർക്ക് മുതൽ 5 മാർക്ക് വരെ മോഡറേഷൻ നൽകുന്നത് മൂലം 180-ഓളം വിദ്യാർത്ഥികൾക്ക് പ്രയോജനകരമാണെന്ന്കണ്ടും, ബി.ടെക്. കോഴ്സ് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിലേയ്ക്ക് മാറ്റപ്പെടുകയും ചെയ്ത പ്രത്യേക സാഹചര്യത്തിലും, മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതിനാലും, കാലിക്കറ്റ് സർവ്വകലാശാല സമാനരീതിയിൽ മോഡറേഷൻ നൽകിയതും പരിഗണിച്ച് 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ബി.ടെക് കോഴ്സിന് പരമാവധി 5 മാർക്ക് വരെ മോഡറേഷൻ നൽകുവാൻ തീരുമാനിച്ചു. സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പും, അംഗീകരിക്കലും, ഫലം പ്രസിദ്ധീകരിക്കലും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ വ്യവസ്ഥകൾ പ്രകാരം സിൻഡിക്കേറ്റിന്റെ അധികാര പരിധിയിൽ വരുന്നതിനാലും, വിദ്യാർത്ഥികളുടെ ഭാവിയെ മാത്രം മുൻനിർത്തി സർവ്വകലാശാല സദുദ്ദേശപരമായ തീരുമാനം കൈക്കൊള്ളുകയും ആയിരുന്നു എന്ന് ചാൻസിലറെ അറിയിച്ചിട്ടുണ്ട്. |
| (ഇ) | സ്വയംഭരണ സ്ഥാപനമായ സർവ്വകലാശാലകൾ അദാലത്ത് ദിവസം ഫയലുകൾ മന്ത്രിക്ക് നേരിട്ട് നൽകണമെന്നും അദാലത്തിൽ തീർപ്പാക്കിയ അപേക്ഷകളുടെ വിശദാംശം അന്നേ ദിവസം തന്നെ മന്ത്രിക്ക് നൽകണമെന്നും നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇത്തരം നിർദ്ദേശം നൽകിയതിനുള്ള സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കുമോ? | | അദാലത്തിൽ ലഭിക്കുന്ന അപേക്ഷകൾ സർവ്വകലാശാലതലത്തിൽ രൂപീകരിച്ച സംഘാടക സമിതി പരിശോധിച്ച് തീർപ്പാക്കേണ്ടതാണെന്നും സർക്കാർ അംഗീകാരം ആവശ്യമുള്ള വിഷയങ്ങൾ മാത്രം ബഹു:മന്ത്രിയുടെ പരിഗണനയ്ക്ക് നൽകേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. അദാലത്തിൽ വരുന്ന പരമാവധി അപേക്ഷകൾ തീർപ്പാക്കുന്നതിനും അദാലത്ത് വിജയകരമായി നടത്തുന്നതിനും ലക്ഷ്യമിട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും നൽകിയ പൊതു മാർഗ നിർദ്ദേശങ്ങളിൽ മേൽ നിർദ്ദേശങ്ങൾ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ